**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** **08-10-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയുടെ വൈദ്യുതി പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി മേഖലയിൽ മലപ്പുറം ജില്ലയിലുണ്ടായ പ്രതിസന്ധികൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ 2022-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചതും ആയ പദ്ധതികളെ കൂടാതെ 2032 വരെയുള്ള കാലയളവിലേക്കായി വിവിധ ഹ്രസ്വ മധ്യ ദീർഘകാല പദ്ധതികൾ ഉൾപ്പെടുത്തി മലപ്പുറം പാക്കേജ് എന്ന പേരിൽ ഒരു സ്പെഷ്യൽ പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. ടി പാക്കേജിൽ ഉൾപ്പെട്ട വിവിധ പദ്ധതികളുടെ സാങ്കേതിക സാധ്യത പഠനം നടന്നു വരികയാണ്. സാധ്യത പഠനത്തിൽ അനുകൂല റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബോർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.<br><br>മലപ്പുറം ജില്ലയിൽ വൈദ്യുതി പ്രസരണമേഖലയിൽ പ്രധാനമായും 6 പുതിയ സബ്സ്റ്റേഷനുകൾ, നിലവിലുള്ള 8 സബ്സ്റ്റേഷനുകളുടെ ശേഷി വർധിപ്പിക്കൽ, ഏകദേശം 250 കിലോമീറ്റർ വൈദ്യുതി ലൈനുകളുടെ നിർമ്മാണം/ വിപുലീകരണം എന്നീ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്. ഈ പദ്ധതികൾ എല്ലാം തന്നെ 2030-ഓടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ പദ്ധതികൾക്കായി 65.03 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിലെ വൈദ്യുതി പ്രശ്നത്തിനും വോൾട്ടേജ് ക്ഷാമത്തിനും പരിഹാരമായി വിവിധ പ്രവൃത്തികൾ തിരൂർ ട്രാൻസ്മിഷൻ ഡിവിഷന്റെ കീഴിലും മലപ്പുറം ട്രാൻസ്മിഷൻ ഡിവിഷന്റെ കീഴിലും ഇതിനോടകം ചെയ്തു തീർത്തിട്ടുണ്ട്.<br><br>നിലവിൽ എടപ്പാൾ, പൊന്നാനി, തിരൂർ, എടരിക്കോട്, പരപ്പനങ്ങാടി, മലാപറമ്പ്, മേലാറ്റൂർ എന്നിവിടങ്ങളിലായി ഭരണാനുമതി ലഭിച്ച 90 ഓളം MVA കപ്പാസിറ്റി വർധിപ്പിക്കൽ പ്രവർത്തികൾ 20 MVA ട്രാൻസ്ഫോർമറുകൾ ലഭിക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കാവുന്നതാണ്.<br><br>ഭരണാനുമതി ലഭിച്ച താഴെ കൊടുത്തിരിക്കുന്ന പുതിയ സബ് സ്റ്റേഷനുകളുടെ പ്രവർത്തികൾ പുരോഗമിക്കുകയാണ്. |

| ക്രമ നമ്പർ | സബ്സ്റ്റേഷന്റെ പേര് | കമ്മീഷനിംഗ് പ്രതീക്ഷിക്കുന്ന തീയതി | ശേഷി കൂട്ടിച്ചേർക്കൽ (MVA) |
|---|---|---|---|
| 1 | 33 കെവി സബ്സ്റ്റേഷൻ, വെന്നിയൂർ | 2024-25 | 10 |

| | | | |
|---|---|---|---|
| 2 | 33കെവി സബ്സ്റ്റേഷൻ, കുന്നുംപുറം | 2024-25 | 10 |
| 3 | 110 കെവി സബ്സ്റ്റേഷൻ, വേങ്ങര | 2026-27 | 25 |
| 4 | 110 കെവി സബ്സ്റ്റേഷൻ, കാടാമ്പുഴ | 2025-26 | 25 |
| 5 | 33കെവി സബ്സ്റ്റേഷൻ, ചങ്ങരംകുളം | 2025-26 | 10 |
| 6 | 220 കെവി സബ്സ്റ്റേഷൻ, വെങ്ങാല്ലൂർ | 2026-27 | 440 |
| 7 | 110കെവി സബ്സ്റ്റേഷൻ, തിരുവാലി | 2025-26 | 25 |
| 8 | 110kV സബ്സ്റ്റേഷൻ, സിവിൽ സ്റ്റേഷൻ | 2025-26 | 10 |
| 9 | 110കെവി സബ്സ്റ്റേഷൻ, പുളിക്കൽ | 2026-27 | 25 |
| 10 | 33 കെവി സബ്സ്റ്റേഷൻ, കൊണ്ടോട്ടി | 2025-26 | 10 |
| 11 | 33കെവി സബ്സ്റ്റേഷൻ, കരുവാരക്കുണ്ട് | 2025-26 | 10 |
| 12 | 33kV സബ്സ്റ്റേഷൻ, INKEL | 2025-26 | 10 |
| | പുതുതായി നിർദ്ദേശിച്ച സബ്സ്റ്റേഷനുകളുടെ ആകെ ശേഷി | | **610 MVA** |

ഭരണാനുമതി ലഭിച്ച താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

- തിരൂർ സബ്സ്റ്റേഷന്റെ ശേഷി 2 x 20MVA + 1 x 12.5MVA-യിൽ നിന്ന് 3 x 20MVA-ലേക്ക് വർധിപ്പിക്കുന്നു.
- 110kV സബ്സ്റ്റേഷൻ പരപ്പനങ്ങാടിയുടെ ശേഷി 2 x1 2.5 MVA-യിൽ നിന്ന് 2 x20 MVA-ലേക്ക് വർധിപ്പിക്കുന്നു.
- എടരിക്കോട് സബ്സ്റ്റേഷനിൽ 2x12.5 MVAയിൽ നിന്ന് 2x20 MVA ആയി ശേഷി വർദ്ധിപ്പിക്കൽ.
- എടപ്പാൾ സബ്സ്റ്റേഷനിൽ 2 x 12.5 MVA-ൽ നിന്ന് 2x20 MVA-ലേക്ക് ശേഷി വർദ്ധിപ്പിക്കൽ (ഒരു ട്രാൻസ്ഫോർമറിന്റെ ശേഷി 20 MVA-ലേക്ക് വർദ്ധിപ്പിച്ചു)
- മലപ്പുറമ്പ് 220kV സബ്സ്റ്റേഷനിൽ 2x12.5 MVA യിൽ നിന്ന് 2x20MVA ലേക്ക് ശേഷി വർദ്ധിപ്പിക്കൽ
- പൊന്നാനി സബ്സ്റ്റേഷനിൽ 2x12.5 MVA നിന്ന് 2x20 MVA ലേക്ക് ശേഷി വർദ്ധിപ്പിക്കൽ
- കുന്നുംപുറത്ത് 33 കെവി സബ്സ്റ്റേഷന്റെ നിർമാണം. (2 x 5 MVA 33/11kV ട്രാൻസ്ഫോർമറുകൾ) സബ്സ്റ്റേഷനിലേക്കുള്ള ലൈൻ 17.5Km. പ്രവൃത്തി പുരോഗമിക്കുന്നു

- വെന്നിയൂരിലെ 33 കെവി സബ്സ്റ്റേഷന്റെ നിർമ്മാണം. (2 x 5 MVA 33/11kV ട്രാൻസ്ഫോർമറുകൾ) സബ്സ്റ്റേഷനിലേക്കുള്ള ലൈൻ 1.7 km 33 kV UG കേബിൾ. പണി പുരോഗമിക്കുന്നു
- മലാപ്പറമ്പ് 220 kV സബ്സ്റ്റേഷനിൽ 1 x 100 MVA ശേഷി 1 x 200 MVA ആക്കി വർദ്ധിപ്പിക്കൽ
- 33 kV വൈരംകോട് കൽപകഞ്ചേരി ലൈൻ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് നവീകരിക്കുന്നു. (RDSS ഘട്ടം 1 പ്രവൃത്തി)
- 33 കെ വി എടരിക്കോട്-ക്ലാരിയാട് സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കി മാറ്റുന്നു. (RDSS ഘട്ടം 1 പ്രവൃത്തി)
- 33 കെ വി വൈരംകോട്-തിരുനാവായ സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കി മാറ്റുന്നു. (RDSS ഘട്ടം 1 പ്രവൃത്തി)
- കാടാമ്പുഴയിലെ 110 കെവി സബ്സ്റ്റേഷന്റെ നിർമ്മാണം (2 x 12.5 MVA 110/11kV ട്രാൻസ്ഫോർമറുകൾ) സബ്സ്റ്റേഷനിലേക്കുള്ള 110KV ഡബിൾ സർക്യൂട്ട് ലൈൻ 5 km. പ്രവൃത്തി പുരോഗമിക്കുന്നു
- ചങ്ങരംകുളം 33 കെ.വി സബ്സ്റ്റേഷന്റെയും സബ്സ്റ്റേഷനിലേക്കുള്ള 9 കിലോമീറ്റർ 33 കെവി ലൈനിന്റെയും നിർമ്മാണം.
- എടപ്പാൾ-തവനൂർ 33 കെ.വി.ലൈൻ നിർമ്മാണം.
- പരപ്പനങ്ങാടിയിലേക്കുള്ള 16 കിലോമീറ്റർ 110 കെവി ഡിസി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു.
- വേങ്ങരയിലെ 110 കെവി സബ്സ്റ്റേഷന്റെ നിർമ്മാണം (2x12.5MVA ട്രാൻസ്ഫോർമറുകൾ) സബ്സ്റ്റേഷനിലേക്കുള്ള 110 KV ഡബിൾ സർക്യൂട്ട് ലൈൻ (8 കി.മീ)
- 220 കെവി സബ്സ്റ്റേഷൻ, വെങ്ങല്ലൂരിന്റെ നിർമ്മാണം
- വെന്നിയൂരിൽ 110 കെവി സബ്സ്റ്റേഷനും അനുബന്ധ 5 കിലോമീറ്റർ 110 കെവി ഡിസി ലൈനിന്റെ നിർമ്മാണവും
- 33 കെ.വി സബ്സ്റ്റേഷൻ ഇൻകലിന്റെ നിർമ്മാണം തുടങ്ങിയിട്ടുണ്ട്.
- മലപ്പുറം സിവിൽ സ്റ്റേഷന്റെ പരിസരത്ത് ഒരു 33കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.
- മലപ്പുറം മുണ്ടുപറമ്പ് കെ.എസ്.ഇ.ബി കോമ്പൗണ്ടിൽ നിലവിലെ സബ്സ്റ്റേഷൻ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS) ആക്കി മാറ്റുന്നതിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഇതുമൂലം പുതിയ 11 കെ.വി. ഫീഡറുകൾ ലഭ്യമാക്കാവുന്നതാണ്.
- ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലമ്പൂർ 110കെ.വി. സബ്സ്റ്റേഷനിൽ പുതിയതായി 16 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി.
- നവീകരിച്ച വിതരണ മേഖല പദ്ധതി RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്
  1)മേലാറ്റൂർ മുതൽ താഴെക്കോട് വരെ നിലവിലുള്ള 33 കെ.വി ലൈൻ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് റീ കണ്ടക്ടറിങ്ങ് ചെയ്യുന്ന പ്രവൃത്തി
  2)എടവണ്ണ - വണ്ടൂർ 33 കെ.വി ലൈനിന്റെ നവീകരണ പ്രവൃത്തി

വിതരണ വിഭാഗത്തിൽ വൈദ്യുതി മേഖലയിൽ മലപ്പുറം ജില്ലയിലുണ്ടായ പ്രതിസന്ധികൾ പരിഹരിക്കാൻ മലപ്പുറം പാക്കേജ് (ദ്യുതി സ്പെഷൽ) എന്ന പ്രത്യേക പദ്ധതി ആവിഷ്കരിച്ച് 2024-25, 2025-26, 2026-27 എന്നീ വർഷങ്ങളിൽ നടപ്പിലാക്കുന്നതിലേയ്ക്കായി താഴെ പറയും പ്രകാരം തുകയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

തിരൂർ സർക്കിൾ - 257.52 കോടി

| | | | |
|---|---|---|---|
| | | | മഞ്ചേരി സർക്കിൾ - 113.23 കോടി<br><br>നിലമ്പൂർ സർക്കിൾ - 40.18 കോടി<br><br>ടി പദ്ധതിയിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, റീ കണ്ടക്ടറിംഗ് എന്നീ വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് ആയതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | മലപ്പുറം ജില്ലയുടെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ട്രാൻസ്മിഷൻ വിഭാഗം തയ്യാറാക്കിയ 521 കോടി രൂപയുടെ പദ്ധതി രൂപരേഖക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | മലപ്പുറം ജില്ലയുടെ വൈദ്യുതി പ്രതിസന്ധി പരിഹിക്കുന്നതിനായി പ്രസരണ വിഭാഗം തയ്യാറാക്കിയ 521 കോടി രൂപയുടെ മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയ വിവിധ പ്രവൃത്തികളുടെ സാങ്കേതിക പഠനം നടന്നു കൊണ്ടിരിക്കുകയാണ്. സാങ്കേതിക പഠനത്തിൽ അനുയോജ്യമെന്നു കണ്ടെത്തുന്ന പ്രവൃത്തികളുടെ പ്രോജക്റ്റ് റിപ്പോർട്ട് തയാറാക്കി ബോർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണെന്ന് KSEBL അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ